"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ-ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലെ ജീവനക്കാർക്ക് പൊതു ആവശ്യ ഗ്രാന്റിൽ നിന്നും നിലവിലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി യാത്രാബത്ത അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.602/2026/LSGD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-
1. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 06/01/2025-ലെ LSGD/BOPZN/36/25-A നമ്പർ കത്ത്
2. 24/01/2025-ലെ തൃശ്ശൂർ ജില്ല ജോയിന്റ് ഡയറക്ടറുടെ LSGD/JD/TSR/492/2025-D3 നമ്പർ കത്ത്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20/05/2025 -ലെ LSGD/PD/15434/2025-AE6 നമ്പർ കത്ത്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05/09/2025 -ലെ LSGD/PD/15434/2025-AE6 നമ്പർ കത്തും പ്രൊപ്പോസലും

**<u>ഉത്തരവ്</u>**

ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലെ ജീവനക്കാർക്ക് പൊതു ആവശ്യ ഗ്രാന്റിൽ നിന്നും യാത്രാബത്ത അനുവദിക്കുവാനായി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സൂചന (1) പ്രകാരം തൃശ്ശൂർ ജില്ല ജോയിന്റ് ഡയറക്ടർക്ക് കത്ത് നൽകുകയും സൂചന (2) പ്രകാരം ആയത് പ്രിൻസിപ്പൽ ഡയറക്ടർക്കും തുടർന്ന് സൂചന (3) പ്രകാരം സർക്കാരിലേയ്ക്കും സമർപ്പിച്ചു. തുടർന്ന് സർക്കാർ നിർദ്ദേശിച്ചപ്രകാരം സൂചന (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ വ്യക്തമായ ശുപാർശ സഹിതമുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. യാത്രാബത്ത ചെലവ് എസ്റ്റാബ്ലീഷ്മെന്റ് ചെലവുകളിൽ ഉൾപ്പെടുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലെ ജീവനക്കാർക്ക് പൊതുആവശ്യ ഗ്രാന്റിൽ നിന്നും

നിലവിലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി യാത്രാബത്ത അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ ജില്ല
3. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, പഴയന്നൂർ, തൃശ്ശൂർ ജില്ല
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
5. ധനകാര്യ (എസ്.എഫ്.സി- എ) വകുപ്പ്
6. വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7. ആഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
സെക്ഷൻ ഓഫീസർ
Date: 06-03-2026 16:08:10